വി. രാമചന്ദ്രൻ,
വൈസ് പ്രസിഡൻറ്,
കോൺഗ്രസ്സ് പരിവർത്തനവാദികൾ,
കൊച്ചിൻ-11

# സമത്വമില്ലാതെ, നീതിയില്ല

(എം. എൽ. എ. മാർക്കൊരു തുറന്ന കത്ത്)

നിയമനിർമ്മാതാക്കളെ,

നീതി.................രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായ നീതി ...........ആമുഖം തൊട്ട് നീതിയുടെ പേരിൽ ആണയിടുന്ന ഭരണഘടനയനുസരിച്ച് ഇത്രയും നാൾ നിങ്ങൾ നിയമനിർമ്മാണം നടത്തിക്കൊണ്ടിരുന്നു.

എങ്കിലും നിങ്ങളുടെ നിയമനിർമ്മാണങ്ങളൊന്നും ഗ്രാമീണ ഭാരതത്തിന് നീതി നൽകിയില്ല. നിങ്ങളുടേയും നിങ്ങളുടെ നിയമ വകുപ്പുകളുടേയും ഭാരം ചുമന്ന് നട്ടെല്ലൊടിഞ്ഞ നാട്ടിൻ പുറങ്ങളിലേക്ക് ഒരിക്കലെങ്കിലും എത്തി നോക്കാൻ നിങ്ങൾ ഇപ്പോൾ നിർബ്ബന്ധിതരായിരിക്കുന്നു.

നിങ്ങൾ കാണുന്നില്ലേ; 'മണ്ണിൻെറ മക്കൾ' എന്ന ഓമനപ്പേരു നൽകി നിങ്ങൾ തൊട്ടുകൂടാത്തവനായി അകററി നിർത്തിയ തൊഴിലാളിയാണയാൾ— കുഴിഞ്ഞ കണ്ണുകളും എല്ലുന്തിയ കോലവുമുള്ള കറുത്ത കൃഷിത്തൊഴിലാളിയുടെ നേരെ കണ്ണു തുറക്കാൻ നിങ്ങൾ ഇതേവരെ കൂട്ടാക്കിയില്ല. ഒടുവിൽ, നിങ്ങൾക്ക് ഭക്ഷണം നൽകാൻ നാളിതുവരെ പാടുപെട്ട് നട്ടെല്ലൊടിഞ്ഞ പാടത്തെ പണിക്കാരനു നേരെ നിങ്ങൾ എറിഞ്ഞുകൊടുത്ത എച്ചിൽ കഷണമാണോ ഈ കർഷകത്തൊഴിലാളി ബിൽ?

എറിഞ്ഞുകൊടുത്ത എച്ചിൽ കഷണങ്ങളുടെ ഉടമസ്ഥാവകാശത്തിനുവേണ്ടി നിങ്ങൾ കടിപിടി കൂടുന്നത് നിർത്തണം. നിങ്ങളിൽ, അദ്ധ്വാനിക്കുന്നവർക്കുവേണ്ടി നിലകൊള്ളുന്നവരുണ്ടെങ്കിൽ അത് തെളിയിക്കാൻ ഇതാണ് അവസരം.

കോൺഗ്രസ്സുകാരെ, കർഷകത്തൊഴിലാളി നിയമത്തിൻെറ പിതൃത്വം നിങ്ങൾ തന്നെ അവകാശപ്പെട്ടുകൊള്ളൂ. എങ്കിലും കഴിഞ്ഞതെല്ലാം മറക്കാൻ നിങ്ങൾക്ക് പോലും കാലമായിട്ടില്ല. 1972 ആദ്യത്തിൽ നിങ്ങളും കൂട്ടാളികളും ചേർന്ന് പ്രഖ്യാപിച്ച സമയബന്ധിത പരിപാടിയിൽ നൽകിയ വാഗ്ദാനം നിങ്ങൾ ഓർക്കുന്നുണ്ടോ? ഒരുവർഷത്തിനുള്ളിൽ കർഷകത്തൊഴിലാളി ബിൽ പാസ്സാക്കുക മാത്രമല്ല, നടപ്പിലാക്കുമെന്നുകൂടിയാണ് നിങ്ങൾ പറഞ്ഞത്.

ഇപ്പോഴം കൊല്ലം രണ്ടു് കഴിഞ്ഞു. എന്നിട്ടും കർഷകത്തൊഴിലാളി ബില്ലിനെക്കുറിച്ചു് നിങ്ങൾക്കു് യോജിപ്പുണ്ടായില്ല. കർഷകത്തൊഴിലാളിക്കു് ജോലി സ്ഥിരത നൽകിയാൽ, ഭൂവുടമയുടെ വീട്ടിൽ കയറി ബലാൽസംഗം ചെയ്യുമെന്നുവരെ ലേഖനമെഴുതി പ്രചരിപ്പിച്ചവർ നിങ്ങളിലുണ്ടു്. അങ്ങിനെ ഭൂവുടമകളിൽ ചിലർ ഭയപ്പെട്ടതു് സ്വാഭാവികമാണു്. ഭൂമിയിൽ സ്ഥിരാവകാശമുള്ളതുകൊണ്ടു് കർഷകത്തൊഴിലാളി കുടുംബങ്ങളിൽക്കയറി ബലാൽസംഗം ചെയ്യുന്നതു് മൗലികാവകാശമായി കരുതിയിരുന്നവരാണു് അവർ; ജോലിക്കു് സ്ഥിരാവകാശം നൽകിയാൽ കർഷകത്തൊഴിലാളിയും ബലാൽസംഗം ചെയ്യുമെന്നു അവർ ഭയപ്പെടുന്നുണ്ടാകാം.

അത്തരക്കാരുടെ എതിർപ്പു് ഭയന്നു് യൂത്ത്കോൺഗ്രസ്സുകാരും മുട്ടുമടക്കിയിരിക്കുന്നു. പണിയെടുക്കുന്ന ഭൂമിയുടെ വിസ്തീർണ്ണമാണു്, പണിക്കാരന്റെ അവകാശം നിർണ്ണയിക്കേണ്ടതത്രെ!! വിചിത്രമായ നിയമം. കർഷക കോൺഗ്രസ്സു് നേതാവു് ആവശ്യപ്പെട്ടതു് ഒരു ഹെക്ടർവരെ ഭൂമി കൈവശമുള്ളവരെ നിയമത്തിന്റെ പരിധിയിൽ നിന്നു ഒഴിവാക്കണമെന്നാണു്. ഒരു ഏക്കർ വരെയുള്ളവരെ ഒഴിവാക്കിയാൽ മതിയെന്നായിരുന്നു യൂത്ത് കോൺഗ്രസ്സു് നേതാവിന്റെ ''ദൃഢാഭിപ്രായം''

ഒടുവിൽ, യൂത്ത്കോൺഗ്രസ്സിന്റെയും കർഷക കോൺഗ്രസ്സിന്റെയും നേതാവായ കെ. പി. സി. സി. പ്രസിഡന്റു് ഒത്തുതീർപ്പുണ്ടാക്കിയിരിക്കുന്നു. യൂത്ത്കോൺഗ്രസ്സു് നേതാവു് പറഞ്ഞതിലെ ''ഒരു''വും കർഷകകോൺഗ്രസ്സു് നേതാവു് ആവശ്യപ്പെട്ടതിലെ ''ഹെക്ടറും'' ചേർത്തു് ''ഒരു ഹെക്ടറു''കാരെ നിയമത്തിന്റെ പരിധിയിൽ നിന്നു ഒഴിവാക്കിയിരിക്കുകയാണു്.

ഒരു ഹെക്ടർവരെ കൈവശമുള്ള കുടുംബത്തെയാണു് ഒഴിവാക്കുന്നതു് എന്നു നിങ്ങൾ പറയുമായിരിക്കും. എങ്കിൽ എന്തു്? ഭൂമി ഒരു ഏക്കറോ, ഒരു ഹെക്ടറോ ആകട്ടെ—വ്യക്തിയുടേയോ കുടുംബത്തിന്റേതോ ആകട്ടെ, തൊഴിലാളിയുടെ അദ്ധ്വാനത്തിനു വ്യത്യാസമുണ്ടോ?

തുല്യ അദ്ധ്വാനത്തിനു തുല്യ ആനുകൂല്യം നൽകലാണു് നീതിയെങ്കിൽ, ഒരു വിഭാഗം കർഷകത്തൊഴിലാളികൾക്കു് നീതി നിഷേധിക്കരുതു്—എല്ലാ കർഷകത്തൊഴിലാളികൾക്കും എല്ലാ അവകാശങ്ങളും നൽകണം. ഐ. എൻ. ടി. യു. സി. ഉൾപ്പെടെയുള്ള തൊഴിലാളിയൂണിയനുകളുടെ താല്പര്യങ്ങളേയാണോ, അഖില കേരള കർഷക ഫെഡറേഷൻ ഉൾപ്പെടെയുള്ള ഭൂവുടമകളുടെ താല്പര്യങ്ങളേയാണോ കേരള നിയമസഭാംഗങ്ങൾ പ്രതിനിധീകരിക്കുന്നതെന്നു വ്യക്തമാക്കേണ്ടിയിരിക്കുന്നു.

നിയമസഭാസാമാജികരെ, നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കപ്പെട്ട രീതിയിൽ ഈ ബിൽ പാസ്സാക്കുന്നുവെങ്കിൽ ജനാഭിപ്രായത്തെ അവഗണിക്കുകയാണു് നിങ്ങൾ ചെയ്യുന്നതു്. ഭരണകക്ഷിയിലെ പ്രമുഖ കക്ഷിയായ കോൺഗ്രസ്സിന്റെ നെടുംതൂണായ യൂത്ത്കോൺഗ്രസ്സിന്റെ ആവശ്യം ബില്ലിൽ അനുവദിച്ചിട്ടില്ല. എല്ലാ കർഷകത്തൊഴിലാളികൾക്കും എല്ലാ ആനുകൂല്യവും ലഭിക്കണമെന്നാണു് യൂത്ത്കോൺഗ്രസ്സു് ആവശ്യപ്പെട്ടതു്. എന്നിട്ടും വമ്പിച്ച വിഭാഗം തൊഴിലാളികൾക്കു് ആനുകൂല്യങ്ങൾ കിട്ടാതാക്കിയിരിക്കുന്നു.

ഭരണകക്ഷിക്കാരായ സി. പി. ഐ. ക്കാർ കർഷകത്തൊഴിലാളികൾക്കനുകൂലമായി കൂടുതൽ പരിഷ്കരണങ്ങൾ ബില്ലിൽ വരുത്തുന്നതിനെയനുകൂലിക്കുന്നുണ്ടല്ലോ. സി. പി. ഐ. നേതൃത്വത്തിലുള്ള സ്റ്റേറ്റ് കർഷകത്തൊഴിലാളി ഫെഡറേഷൻ പ്രസിഡൻറ് വി. വി. രാഘവൻെറ പ്രസ്താവന നിങ്ങളിൽ ചിലരെങ്കിലും വായിച്ചിരിക്കും.

"കർഷകത്തൊഴിലാളികളുടെ ഭാവിജീവിതഭദ്രതക്ക് ഇന്നുള്ള തൊഴിലിനെ ആസ്പദമാക്കിക്കൊണ്ടുള്ള ക്ഷേമനിധിയെക്കാളുമുപരിയായ പരിഷ്ക്കരണങ്ങൾ വേണ്ടിവരുമെന്നുള്ളതു് മനസ്സിലാക്കിക്കൊണ്ടു കൂടിയാണു് ഇക്കാര്യത്തിലുള്ള ഫെഡറേഷൻെറ സമീപനം" എന്നു രാഘവൻ വ്യക്തമാക്കിയിട്ടുണ്ടു്.

ഇതാണു് സമീപനമെങ്കിൽ, പ്രധാന പ്രതിപക്ഷമായ മാർക്സിസ്റ്റ് പാർട്ടി നിർദ്ദേശിക്കുന്ന പരിഷ്ക്കരണങ്ങൾ സ്വീകരിക്കാൻ കർഷകത്തൊഴിലാളികളുടെ പേരിൽ സി. പി. ഐ. സന്നദ്ധമാകണം. മററെല്ലാ കക്ഷികളേയും പോലെ മാർക്സിസ്റ്റ്കാരും അധികാരത്തിൽ വന്നപ്പോൾ കർഷകത്തൊഴിലാളികൾക്കു നേരെ കണ്ണടച്ചവരാണു്. എങ്കിലും, കർഷകത്തൊഴിലാളികളോടു് ആത്മാർത്ഥതയുണ്ടെങ്കിൽ, മാർക്സിസ്റ്റുകാർ ഇപ്പോൾ നിർദ്ദേശിക്കുന്ന പരിഷ്ക്കരണങ്ങൾ സ്വീകരിക്കാൻ സി. പി. ഐ. യും കോൺഗ്രസ്സും മടികാണിക്കരുതു്.

സംസ്ഥാനത്തൊട്ടാകെ കർഷകത്തൊഴിലാളി നിയമം ഒരേ സമയത്തു് നടപ്പിലാകത്തക്കവിധം ഒന്നാം വകുപ്പിലെ മൂന്നാം വകുപ്പ് ഭേദഗതി ചെയ്യണമെന്നാണല്ലോ മാർക്സിസ്റ്റ് പാർട്ടിയും അവരുടെ നിയന്ത്രണത്തിലുള്ള കർഷകത്തൊഴിലാളി യൂണിയനും ആവശ്യപ്പെട്ടിരിക്കുന്നത്. തുച്ഛമായ ആനുകൂല്യങ്ങളെങ്കിലും സംസ്ഥാനത്തിലെ എല്ലാ കർഷകത്തൊഴിലാളികൾക്കും ഒപ്പം ലഭിക്കാറാകുന്ന കാര്യത്തിൽ മാർക്സിസ്റ്റ് പാർട്ടിയുടെ നിർദ്ദേശം സ്വീകരിക്കാൻ ആത്മാർത്ഥതയുള്ള യൂത്ത്കോൺഗ്രസ്സുകാരും സി. പി. ഐ. ക്കാരും മടികാണിക്കുകയില്ലെന്നു ആശിക്കട്ടെ—

കർഷകത്തൊഴിലാളി യൂണിയൻ നിർദ്ദേശിക്കുന്ന പരിഷ്ക്കരണങ്ങൾ ഓരോന്നിനേയും കുറിച്ചു് തുറന്ന ചർച്ചനടത്തി തക്കതായ ഭേദഗതികൾ നിയമത്തിനു വരുത്താവുന്നതാണു്. മാർക്സിസ്റ്റംഗങ്ങൾ വകുപ്പ് വകുപ്പായി ബില്ലിനെക്കുറിച്ചു് ചർച്ചചെയ്തു്, ഭേദഗതികൾ അവതരിപ്പിക്കട്ടെ. "നിങ്ങൾ അധികാരത്തിലിരുന്നപ്പോൾ ഇപ്പോഴത്തെ രൂപത്തിലുള്ള നിയമമെങ്കിലും നടപ്പാക്കാഞ്ഞതെന്തു്?" ഭരണകക്ഷിക്കാർക്കു് മാർക്സിസ്റ്റുകാരോടു ഇങ്ങനെ ചോദിക്കാൻ തോന്നുന്നുണ്ടാകും.

പക്ഷെ, പ്രതിപക്ഷത്തെ ഉത്തരം മുട്ടിക്കുന്നതിനേക്കാൾ ആവശ്യം കർഷകത്തൊഴിലാളിയുടെ പ്രശ്നത്തിനു പരിഹാരമുണ്ടാകലാണു്. അക്കാര്യത്തിലാകണം പ്രതിപക്ഷവും ഭരണകക്ഷിയും തമ്മിലുള്ള മത്സരം. അതാണു് യഥാർത്ഥ പരിവർത്തനവാദികൾ ആഗ്രഹിക്കുന്നതു്.

അധികാരത്തിലിരുന്നപ്പോൾ ആലോചിച്ചില്ലെങ്കിലും ശരി, ഇപ്പോൾ മാർക്സിസ്റ്റുകാരും സോഷ്യലിസ്റ്റുകാരും കർഷക ത്തൊഴിലാളിയുടെ ക്ഷേമനിധിക്കും ക്ഷാമബത്തക്കും പ്രസവാനുകൂല്യത്തിനും മററും വേണ്ടി വാദിക്കുന്നതു്, ഭരണകക്ഷിക്കാരേ നിങ്ങൾ സ്വാഗതം ചെയ്യണം. കാരണം, തെ

ഴിലാളിവർഗ്ഗത്തിന് മൊത്തത്തിലുള്ള താല്പര്യങ്ങളിൽ നിന്നു വിഭിന്നവും വ്യത്യസ്ഥവുമായ യാതൊരു താല്പര്യവും അവർക്കില്ല.'' (കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ)

സ്വതന്ത്ര് കോൺഗ്രസ്സും സി. പി ഐ. യും മാർക്സിസ്റ്റ് പാർട്ടിയും, സോഷ്യലിസ്റ്റ് പാർട്ടിയും. ആർ. എസ്സ്. പിയും കെ. ടി. പി.യും കെ. എസ്സ്. പി. യും ആഗ്രഹിക്കുന്നതിന് വിരുദ്ധമായി കർഷകത്തൊഴിലാളി ബില്ലിലെ ഏതെങ്കിലും വകുപ്പ് നിയമമാകുന്നുവെങ്കിൽ അത് ഭൂരിപക്ഷം വരുന്ന ജനങ്ങളുടെ അഭിപ്രായത്തെ ധിക്കരിക്കലാകും; ജനാധിപത്യത്തെ അവഹേളിക്കലാകും. ഈ കക്ഷികളെല്ലാംതന്നെ ബില്ലിൽ വ്യവസ്ഥ ചെയ്തതിനേക്കാൾ കൂടുതൽ ആനുകൂല്യങ്ങൾ കൂടുതൽ കർഷകത്തൊഴിലാളികൾക്ക് നൽകണമെന്നു പരസ്യമായി ആവശ്യപ്പെട്ടിട്ടുണ്ട്.

നിയമസഭാംഗങ്ങളെ, കർഷക തൊഴിലാളികളുടേയും ജനാധിപത്യത്തിന്റേയും പേരിൽ നിങ്ങൾ തുറന്ന മനസ്സോടെയായിരിക്കട്ടെ ബില്ലിനു അംഗീകാരം നൽകുന്നത്. ഓരോ ഭേദഗതിയെയും പാർട്ടി പരിഗണന കൂടാതെ, അനുകൂലിക്കാനോ എതിർക്കാനോ ഭരണകക്ഷിക്കാർക്കും പ്രതിപക്ഷക്കാർക്കും അവകാശം നൽകിയേ തീരൂ. കർഷകത്തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യം നൽകുന്ന ഭേദഗതിക്ക് കക്ഷിപരിഗണന കൂടാതെ പിന്തുണ നൽകാൻ സ്വതന്ത്ര് കോൺഗ്രസ്സുകാരെങ്കിലും തയ്യാറായെങ്കിൽ ............

ഞങ്ങൾക്കിനിയും കാത്ത് നിൽക്കാനാവില്ല. നിങ്ങളുടെ കക്ഷി വഴക്കിൽ ഞങ്ങൾക്കൊട്ടും താൽപര്യമില്ലാതായിരിക്കുന്നു. യാഥാസ്ഥിതികത്വത്തിന്റെ തടവുകാരല്ലായിരുന്നുവെങ്കിൽ നിങ്ങൾ ഇപ്പോഴെങ്കിലും നീതി ചെയ്യുമായിരുന്നു. വ്യവസായത്തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങളെങ്കിലും കർഷകത്തൊഴിലാളികൾക്ക് നൽകാൻ നിങ്ങൾ സന്നദ്ധരാകാത്തതെന്ത്?

കഴിഞ്ഞ കുറെ നാളുകളായി നടന്ന തൊഴിൽ സമരങ്ങളിൽ എത്രയെത്ര കർഷകത്തൊഴിലാളികളുടെ വിലപ്പെട്ട ജീവൻ ഹോമിക്കപ്പെട്ടു. അദ്ധ്വാനിക്കുന്നവരുടെ പേരിൽ സമ്പാദ്യസമരങ്ങൾ നടത്തുന്നവരൊന്നും അത് കണ്ടതായി ഭാവിച്ചില്ല. പാടങ്ങളിൽ വെടിയേററും കുത്തേററും വീണു പിടഞ്ഞു മരിച്ച പാവപ്പെട്ട തൊഴിലാളികൾക്ക് വേണ്ടി പ്രതിഷേധദിനം ആചരിക്കാൻ പോലും തൊഴിലാളിവർഗ്ഗത്തിന്റെ പേരിൽ മുദ്രാവാക്യം മുഴക്കുന്നവരുണ്ടായില്ല.

വിമാനം പറത്തുന്ന പൈലട്ടും പേനയെടുത്തെഴുതുന്ന ബാങ്ക് ജീവനക്കാരനുമാണു് നിങ്ങളുടെ കണ്ണിലെ തൊഴിലാളികൾ. അവരുടെ ''അവകാശസമര''ങ്ങൾക്ക് മുമ്പിൽ നിങ്ങൾ കൊടിപിടിച്ചു നടക്കുന്നു. അവരുടെ സമരങ്ങൾക്ക് ശക്തി വർദ്ധിപ്പിക്കാൻ നിങ്ങൾ കർഷകത്തൊഴിലാളികളെ കരുവാക്കുന്നു. ജാഥക്ക് ആളുകൂട്ടാനും പ്രക്ഷോഭണങ്ങളിൽ പോലീസിന്റെ മർദനമേൽക്കാനും കർഷകത്തൊഴിലാളികൾ വേണമായിരുന്നു. എന്നിട്ടും നക്കാപിച്ചയാനുകൂല്യങ്ങൾ പോലും കർഷകത്തൊഴിലാളികൾക്ക് നിഷേധിക്കുമ്പോൾ, പോലീസ് അവരെ തല്ലിച്ചതക്കുമ്പോൾ, വെടിവച്ചു വീഴ്ത്തുമ്പോൾ, ബാങ്ക് ജീവനക്കാർ ശബ്ദിച്ചില്ല; എൻ. ജി. ഒ. മാർ അനുഭാവ സൂചനാ സത്യാഗ്രഹം നടത്തിയില്ല. ട്രാൻസ്പോർട്ട് ജീവനക്കാർ അറിഞ്ഞഭാവം നടിച്ചില്ല. ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാർ പ്രകടനം നടത്തിയില്ല. ഫാക്ടറിത്തൊഴി

ലാളികൾ ഒരു പ്രമേയം പോലും പാസ്സാക്കിയില്ല. അവരെല്ലാം 'ഓവർടൈം ജോലി ചെയ്യുന്ന തിരക്കിലാണ്.

രാഷ്ട്രീയ നേതാക്കളെ,

പങ്കക്കീഴിലിരുന്നു, പാവപ്പെട്ടവനു പേടി കൂടാതെ ചെല്ലാൻ വയ്യാത്ത സർക്കാർ ഓഫീസുകളിൽ ഫയൽ നോക്കുന്ന എൻ. ജി. ഒ. മാരുടെ അവകാശങ്ങൾക്ക് വേണ്ടി നിങ്ങൾ വീറോടെ വാദിച്ചിട്ടുണ്ട്. എയർകണ്ടീഷൻ ചെയ്ത കെട്ടിടങ്ങളിൽ കുഷനിട്ട കസേരയിലിരുന്ന് ഒപ്പിടുകയും കണക്കുകൂട്ടുകയും ചെയ്യുന്ന ബാങ്ക് ജീവനക്കാരന്റെ ആനുകൂല്യങ്ങൾക്ക് വേണ്ടി നിങ്ങൾ പ്രക്ഷോഭണം നടത്തിയിട്ടുണ്ട്. പ്രതിമാസം പതിനായിരം രൂപ വരുമാനമുള്ള പൈലററുകൾക്ക് ദിനബത്ത നൂറുരൂപയിലധികം നൽകാൻ നിങ്ങൾ മുറവിളി കൂട്ടിയിട്ടുണ്ട്. അദ്ധ്യാപകരുടെ 'അദ്ധ്വാനഭാരം' കുറക്കാൻ നിങ്ങൾ ശബ്ദമുയർത്തിയിട്ടുണ്ട്. നാലു മണിക്കൂർ മാത്രം ജോലിചെയ്യുന്ന ട്രാൻസ്പോർട്ട് ജീവനക്കാരുടെ ജോലിസമയം കുറക്കാത്തതിലായിരുന്നു നിങ്ങളുടെ പ്രതിഷേധം. നിങ്ങളും അവരും ഒരു വർഗ്ഗക്കാരാണ്: ഒന്നോ രണ്ടോ ഏക്കർ നിലത്തിന്റെ ഉടമകളാണ്.

ഭൂമിയേയും ഉല്പാദനയുപകരണമായിക്കാണാൻ നിങ്ങൾ ഇനിയും പഠിച്ചിട്ടില്ല. കമ്പിവേലികളും കാക്കിയുടുപ്പിട്ട കാവൽക്കാരനും ഇല്ലെന്നു വെച്ച് പാടം പണിസ്ഥലമല്ലാതാകുകയില്ല. റജിസ്റ്ററിൽ പേരില്ലാതിരുന്നതു കൊണ്ട് പാടത്തെ പണിക്കാരൻ തൊഴിലാളിയല്ലാതാകുകയില്ല. അദ്ധ്വാനിക്കുന്നവരെന്ന പേരിനു ആദ്യമായി അർഹത നേടുന്നത് കർഷകത്തൊഴിലാളിയല്ലെന്നു നിങ്ങൾ പറയുമോ?

മഴയേയും വെയിലിനേയും വെല്ലുവിളിച്ചുകൊണ്ട് പകലന്തിയോളം പണിയെടുക്കുന്നവരാണ് കർഷകത്തൊഴിലാളികൾ. മുഷിഞ്ഞു നാറിയ മുണ്ടുടുത്ത് മുട്ടററം ചേറിൽനിന്നു മൂക്കു മുങ്ങും വണ്ണം വിയർപ്പൊഴുക്കി കിളക്കുകയും ഉഴുകുകയും ചെയ്യുന്നവരാണവർ. കൊയ്യുകയും കററ മെതിക്കുകയും ചെയ്യുന്ന കർഷകത്തൊഴിലാളികൾ ആൺ-പെൺ വ്യത്യാസമില്ലാതെ അദ്ധ്വാനിക്കുന്നു. അവർ കറുത്തവരാണ്; ബഹുഭൂരിഭാഗവും ഹരിജനങ്ങളാണ്. നൂററാണ്ടുകളായി ചൂഷണം ചെയ്യപ്പെട്ട ദരിദ്രരാണ്: തലമുറ തലമുറയായി പാടങ്ങളിൽ പണിയെടുത്തവരാണ്. അറിയപ്പെടാതെ മരിച്ചു വീണു മണ്ണോടുമണ്ണായവരാണ്.

കൈക്കൂലി നൽകാൻ പണവും കൊട്ടിഘോഷിക്കാൻ പത്രങ്ങളും ഇല്ലാത്തതുകൊണ്ട് നിങ്ങൾ കർഷകത്തൊഴിലാളികളെ ഇനിയും കഷ്ടപ്പെടുത്തരുത്. പണിചെയ്തു തളർന്ന പാവപ്പെട്ടവനെ വീണ്ടും തോക്കിനു ഇരയാക്കരുത്. കർഷകത്തൊഴിലാളികൾക്ക് ആനുകൂല്യം നൽകുന്ന നിയമ വ്യവസ്ഥയുണ്ടാക്കണമെന്നെങ്കിലും ഒടുവിൽ നിങ്ങൾ സമ്മതിക്കുന്നല്ലോ? കൂടുതൽ അവകാശങ്ങൾക്ക് വേണ്ടി സമരം ചെയ്യാനുള്ള അടിസ്ഥാനമിടുന്നതിലാണ് നിങ്ങൾ അഭിമാനിക്കുന്നതു്. കർഷകത്തൊഴിലാളിയുടെ അദ്ധ്വാനത്തിനു നിയമത്തിന്റെ അംഗീകാരം കിട്ടാൻ രക്തമൊഴുക്കിയത് പോരെന്നാണോ?

ഫാക്ടറിത്തൊഴിലാളികൾക്ക് നൽകുന്ന എല്ലാ അവകാശങ്ങളും ആനുകൂല്യങ്ങളും കർഷകത്തൊഴിലാളികൾക്കും നൽകുവാൻ ഒട്ടും വൈകിച്ചു കൂട. നീതിയുടെ തുടക്കം കുറിക്കേണ്ടതു് അങ്ങിനെയാണ്.

കർഷകത്തൊഴിലാളികൾക്ക മാത്രമല്ല, യഥാർത്ഥത്തിൽ അദ്ധ്വാനിക്കുന്ന വർക്കെല്ലാം തന്നെ ഈ അവകാശവും ആനുകൂല്യങ്ങളും നൽകാൻ ഉടനടി നിയമമുണ്ടാകണം. അണക്കെട്ടുകളും കെട്ടിടങ്ങളും പാലങ്ങളും റോഡുകളും പണിയുന്ന തൊഴിലാളികൾക്കും റജിസ്റ്ററും വ്യവസ്ഥയും വേണ്ടതാണ്. പണിചെയ്യുവർ പണി ആയുധം പോലും താഴെവെച്ച് പോകണം: പണി കരാറെടുത്ത പണക്കാരൻ പണം കുന്നുകൂട്ടുകയും ആവാം. അതാണ് ഇന്നത്തെ നീതി.

ഇടുക്കിയിൽ അണക്കെട്ടുകൾ പണിചെയ്തു ഉയർത്തിയ തൊഴിലാളികളുടെ ഗതിയെന്താകുമെന്നു നിങ്ങൾ എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ? നിങ്ങൾക്ക് വെളിച്ചം നൽകാൻ കാട്ടിലെ ഇരുട്ടിൽ കഠിനാദ്ധ്വാനം ചെയ്ത തൊഴിലാളികൾ ഇന്നു അനിശ്ചിതമായ ഭാവിയുടെ അററം കാണാത്തുള്ള തുരങ്കത്തിനുള്ളിലാണ്. വേഗം പണി തീർത്ത് ''ദേശീയോൽപാദനം'' വർദ്ധിപ്പിക്കാത്തതിൽ നിങ്ങൾക്ക് അമർഷമുണ്ടാകാം. ക്രോൺക്രീററു പടികൾ ചുമന്ന തൊഴിലാളികളുടെ വിയർപ്പും രക്തവും നിങ്ങളുടെ പങ്കകൾ തിരിക്കുകയും പമ്പുകൾ ചലിപ്പിക്കുകയും ചെയ്യു. അപ്പോൾ ഇന്നലെ വരെ ജീവൻ നില നിർത്തിയെങ്കിലും ഉപകരിച്ച തൊഴിൽ പോലും നഷ്ടപ്പെട്ട തൊഴിലാളികൾ നാട്ടും തിരിയേണ്ടി വരുമെന്നു നിങ്ങൾ ആലോചിച്ചിട്ടുണ്ടോ?

നിങ്ങളുടെ വേദപുസ്തകങ്ങളിൽ ഇവരൊന്നും തൊഴിലാളികളായിരിക്കുകയില്ല. കർഷകത്തൊഴിലാളിയും ദിവസക്കൂലിക്കാരനും അവകാശങ്ങൾക്ക് വേണ്ടി സമരം ചെയ്യുന്നതിനെപ്പററിയും സംഘടിക്കുന്നതിനെപ്പററിയും ചരിത്രത്തിൻെറ വൈരുദ്ധ്യാത്മകമായ ഒഴുക്കിനെപ്പററി പറയുമ്പോൾ നിങ്ങൾ കേട്ടു കാണുകയില്ല. ഉപരിതലത്തിലെ നഗരവാസികളെ മാത്രമാണ് നിങ്ങൾ കണ്ടത്.

''ഭാരതത്തിൽ പ്രവർത്തിക്കുന്ന രീതിയിലുള്ള പാർളിമെൻററി ജനാധിപത്യം, നിലവിലുള്ള സാമൂഹ്യ-സാമ്പത്തിക വ്യവസ്ഥിതിയെ താങ്ങിനിർത്തുന്ന ശക്തിയാണ്''' (The challenge of World Poverty – Gunnar Myrdal). രാഷ്ട്രീയ നേതാക്കളുടെ പുത്തൻ വർഗ്ഗത്തിൽ നിന്നു പുറത്തു കടക്കാൻ കർഷകത്തൊഴിലാളിയിൽ നിങ്ങൾക്കവസരം നൽകിയിരിക്കുന്നു.

വ്യവസായത്തൊഴിലാളികൾക്ക നൽകുന്ന ആനുകൂല്യങ്ങളെല്ലാം കർഷകത്തൊഴിലാളിക്കും ദിവസക്കൂലിക്കാരനും നൽകാൻ പററുമോ? തൊഴിലുടമകൾക്ക് അതിനുള്ള കഴിവുണ്ടോ? യാഥാർത്ഥ്യബോധം വേണ്ടേ? 'ഊട്ടോപ്പിയൽ' ആദർശവാദികൾക്ക് പ്രായോഗിക ബുദ്ധിമുട്ടറിയുമോ? ചെറുകിട കർഷകനും കർഷകത്തൊഴിലാളിയും ഒരേ വർഗ്ഗക്കാരല്ലേ? വർഗ്ഗ സമരത്തിൽ പങ്കാളികളാകേണ്ടവരല്ലേ? നൂറുകൂട്ടം ചോദ്യങ്ങളുമായി നിങ്ങൾ ഓടിയെത്താതിരിക്കുകയില്ല. ഈ ചോദ്യങ്ങളുടെയർത്ഥം മനസ്സിലാക്കുന്നുണ്ട്. നിങ്ങളെയൊക്കെ താങ്ങിനിർത്തിയ യഥാർത്ഥ തൊഴിലാളികൾ തന്നെ ഇനിയും നിങ്ങളുടെയൊക്കെ ഭാരം ചുമന്നു കൊള്ളണമെന്നാണ് നിങ്ങൾ പറയുന്നതു്.

എന്നോ വരുമെന്നു നിങ്ങൾ പറയുന്ന സോഷ്യലിസ്റ്റ് വ്യവസ്ഥിതിയുടെ പ്രതീക്ഷ മാത്രം മതി പാടത്തു് പാടുപെടുന്ന തൊഴിലാളിക്ക്. അതിനിടയിൽ അദ്ധ്വാനിക്കുന്നവരുടെ പേരിൽ നിങ്ങൾക്ക് ബോണസ്സ് വാങ്ങിക്കാം.

ക്ഷാമബത്താ വർധിപ്പിച്ചെടുക്കാം. ഗ്രാററിവിററി, മേടിക്കാം. കുറിയടക്കാം ഇൻഷുറൻസ് ചേരാം. വീടു പണിയാൻ കടമെടുക്കാം. തൊഴിലാളി ഐക്യം സിന്ദാബാദ്.

ഈ തൊഴിലാളി ഐക്യത്തട്ടിപ്പ് നിറുത്താറായി. നഷ്ടത്തിൻേറയും പണമില്ലാത്തതിൻേറയും കഥകൾ നിങ്ങൾ പറയുമ്പോൾ ചിരിവരും. നഷ്ടമുള്ള വ്യവസായശാലകളാണെങ്കിലും കുറഞ്ഞതു് എട്ടും മൂന്നിലൊന്നും ബോണസ്സ് നൽകണമെന്നു പറയുന്നവരാണ് നിങ്ങൾ. മുതലാളികൾ ഈ ബോണസ്സ് നൽകുന്നത് നഷ്ടം സഹിച്ചുകൊണ്ടാണോ? നിങ്ങൾ കൊടുക്കുന്ന പൊതുപണമെടുത്താണ് നഷ്ടമുള്ള ഫാക്ടറിയിലും മുതലാളി ബോണസ്സ് നൽകുന്നതെന്ന് നിങ്ങൾക്കറിയാം. കമ്പനി പൂട്ടാറായാൽ കൂടുതൽ പണം നൽകാൻ നിങ്ങൾ ഒന്നിനൊന്നു മുന്നിട്ടു വാദിക്കും. കാരണം നിങ്ങളുടെ മക്കളുടേയും സ്വന്തക്കാരുടേയും താൽപര്യമാണത്.

കടംകൊടുത്തു് കൈലാസം കയറാറായ കോർപ്പറേഷനുകളിൽ പോലും കൂടുതൽ ബോണസ്സിനുവേണ്ടി വാദിച്ചവരാണ് നിങ്ങൾ. ട്രാൻസ്പോർട്ട് കോർപ്പറേഷനിലും ഇലക്ട്രിസിററി ബോർഡിലും ശമ്പള കൂടുതലും ബോണസ്സും നൽകുമ്പോൾ നിങ്ങൾക്ക് പണത്തിനു ബുദ്ധിമുട്ടുണ്ടാകാറില്ല. ആ പണം എങ്ങിനെയുണ്ടായിയെന്നു സോഷ്യലിസം പറയുന്ന നിങ്ങൾക്കറിയാമോ?

പാടത്തെ പണിക്കാരനും ദിവസക്കൂലിക്കാരനും അർഹമായതു് നൽകാതെ യുകൊണ്ടുണ്ടായതാണ് ആ പണം. നിങ്ങൾ ധൂർത്തു് നടത്തുമ്പോൾ, അകലെ അവർ അദ്ധ്വാനിക്കുകയായിരുന്നു. നിങ്ങൾക്കുണ്ണാൻ നെല്ലുണ്ടാക്കുകയായിരുന്നു.

സർക്കാറിനെപ്പോലെ നഷ്ടം സഹിക്കാൻ ചെറുകിട കർഷകർക്കാവുമോ എന്നു് നിങ്ങൾ ചോദിക്കാതിരിക്കുകയില്ല. ചെറുകിട കർഷകൻെറ പേരിൽ നിങ്ങളുന്നയിക്കുന്ന വാദം വഞ്ചനയാണ്. ചെറുകിട കർഷകരെക്കൊണ്ട് അങ്ങിനെ വാദിപ്പിക്കേണ്ടതു് നിങ്ങളുടെ ആവശ്യമാണ്. കഷ്ടകാലത്തിനു ഒരാൾ നെല്ലു കൃഷിചെയ്തു പോയാൽ നിങ്ങൾ അയാളെ സാമൂഹ്യദ്രോഹിയായി ചിത്രീകരിക്കും. നിങ്ങൾക്ക് ഭക്ഷിക്കാൻ വേണ്ടി, നിങ്ങൾ നിശ്ചയിക്കുന്ന വിലക്ക് നെല്ലു പിടിച്ചെടുക്കും. നെല്ലുണ്ടാക്കുന്നവർക്ക് ഭക്ഷണം കിട്ടണമെന്നു നിങ്ങൾ കരുതിയില്ല. കർഷകത്തൊഴിലാളിക്ക് കൂലി കൊടുക്കാനാവാത്ത കർഷകൻ നിങ്ങളുടെ കൂടെയുണ്ടാകുമെന്നു നിങ്ങൾക്കറിയാം.

നിങ്ങളിൽ, നീതിമാന്മാരുണ്ടെങ്കിൽ, അദ്ധ്വാനിക്കുന്നവരുടെ അവകാശത്തിനു വേണ്ടിയാണ് ശബ്ദമുയർത്തേണ്ടത്. ചെറുകിട കർഷകനു കഴിവില്ലെങ്കിൽ, നിങ്ങൾ നൽകണം, നിങ്ങളുടെ സർക്കാർ നൽകണം. ഒരേക്കർ റബ്ബർ കൃഷിചെയ്യുന്നവനു വരെ ആയിരം രൂപ സൗജന്യം നൽകാൻ നിങ്ങൾ തയ്യാറാണ്. റബ്ബറിനു വിലയിടിഞ്ഞാൽ കൂടിയ വിലക്ക് വാങ്ങിക്കാൻ സർക്കാരുണ്ട്. പണക്കാരുടെ താൽപ്പര്യങ്ങൾക്കനുസരിച്ച് നിങ്ങൾ എപ്പോഴും സൗജന്യങ്ങൾ അനുവദിക്കും.

ചെറുകിട കർഷകൻെറ ബുദ്ധിമുട്ടിനെപ്പററി പറഞ്ഞ് അദ്ധ്വാനിക്കുന്ന തൊഴിലാളിക്ക് ആനുകൂല്യം നിഷേധിക്കാൻ നോക്കണ്ട. പാടത്ത് പണിയെടുക്കുന്ന ഏതെങ്കിലും ഭൂവുടമയുണ്ടെങ്കിൽ അയാൾ കർഷകത്തൊഴിലാളികൾക്ക്

കൂല്യം നിഷേധിക്കുകയില്ല. അധ്വാനിക്കുന്നവരെല്ലാം ഒന്നിച്ച് അധ്വാനിക്കാത്ത ചൂഷകർക്കെതിരായിട്ടായിരിക്കും സമരം ചെയ്യുന്നത്. കർഷകനും കർഷകത്തൊഴിലാളിക്കും മററുള്ളവരെ പോലെതന്നെ ജീവിത സൗകര്യങ്ങളും വരുമാനവും കൂടിയേ തീരൂ. നിങ്ങളുടെ സർക്കാർ അത് നൽകാൻ തയ്യാറുണ്ടോ എന്നാണ് അറിയേണ്ടത്.

വ്യവസായത്തൊഴിലാളിക്കും ഉദ്യോഗസ്ഥന്മാർക്കും നൽകുന്ന എല്ലാം അവകാശങ്ങളും കർഷകത്തൊഴിലാളിക്കും മററു അധ്വാനിക്കുന്നവർക്കും നൽകാൻ സർക്കാറിനു ഉത്തരവാദിത്വമുണ്ട്. പണമില്ലെന്നു പറയേണ്ട പണമുള്ളവരിൽ നിന്നു പിടിച്ചെടുത്ത് അധ്വാനിക്കുന്നവന്റെ അവകാശം നൽകുകയാണ് സർക്കാർ ചെയ്യേണ്ടത്. കോളേജദ്ധ്യാപകർക്ക് സർക്കാരിൽ നിന്നു നേരിട്ടു ശമ്പളം നൽകാൻ നിങ്ങളെല്ലാം ഒററക്കെട്ടായി വാദിച്ചിരുന്നുവല്ലോ.

സർക്കാർ നിശ്ചയിച്ച ശമ്പളം നൽകാൻ കഴിവില്ലെന്നാണ് വിദ്യാഭ്യാസ മാനേജ്മെന്റുകാർ പറഞ്ഞതു്. പതിനയ്യായിരം രൂപ കൈക്കൂലി നൽകിയാണ് ഉദ്യോഗം മേടിച്ചതെന്നു അദ്ധ്യാപകർ പറഞ്ഞു. എന്നിട്ടും സർക്കാറിൽ നിന്നു നേരിട്ടു ശമ്പളം കൊടുക്കാൻ നിങ്ങളെല്ലാം സന്നദ്ധരായി.

കോളേജിൽ പഠിപ്പിക്കുന്നവരെ രക്ഷിക്കാൻ സർക്കാരിൽ നിന്നും പണം കൊടുക്കാമെങ്കിൽ, പാടത്ത് കൃഷിചെയ്യുന്നവരെ രക്ഷിക്കാൻ സർക്കാരിനു പണം നൽകിക്കൂടെ? അധ്വാനിക്കുന്ന കർഷകനും കർഷകത്തൊഴിലാളിയും അതാണ് ആവശ്യപ്പെടുന്നത്.

തുല്യതയ്ക്കു വേണ്ടിയാണ് അവരുടെ സമരം. കുത്തകമുതലാളിമാർ മൂലധനമുണ്ടാക്കിയതും തടിച്ച ശമ്പളം പററുന്നവർ സമ്പാദ്യമുണ്ടാക്കിയതും ഈ തുല്യത നൽകാതെ ചൂഷണം ചെയ്താണ്. പാടത്ത് പണിയെടുക്കുന്നവർക്കും പാലങ്ങളും റോഡുകളും അണക്കെട്ടുകളും കെട്ടിടങ്ങളും പണി ചെയ്തുണ്ടാക്കുന്നവർക്കും മററുള്ളവരോടൊപ്പം ആനുകൂല്യങ്ങളും അവകാശങ്ങളും നൽകാൻ വേണ്ടി നിങ്ങൾ നിയമം നിർമ്മിക്കുമോ? നിങ്ങൾ അതു ചെയ്യുമെങ്കിൽ മാത്രമേ ഈ നിയമനിർമ്മാണ സഭകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടാകുകയുള്ളൂ.

“ഏററവും നിശിതവും നിർഭയവും വിട്ടുവീഴ്ചയില്ലാത്തതുമായ വിമർശനം നടത്തേണ്ടതു് പാർളിമെന്ററി സമ്പ്രദായത്തിന്റേയും പാർളിമെന്ററി പ്രവർത്തനങ്ങളുടേയും നേർക്കല്ല. നേരെമറിച്ച്, പാർളിമെന്റ് തെരഞ്ഞെടുപ്പുകളേയും പാർളിമെന്റ് വേദിയേയും വിപ്ലവാർത്ഥകമായും കമ്യൂണിസ്റ്റ് രീതിയിലും ഉപയോഗപ്പെടുത്താൻ കഴിവില്ലാത്തവരുടെയും അതിലുമുപരി അതിനു മനസ്സില്ലാത്തവരായ നേതാക്കളുടേയും നേർക്കായിരിക്കണം വിമർശനം. ഇങ്ങനെ വിമർശിക്കുകയും അതോടൊപ്പം കഴിവില്ലാത്ത നേതാക്കന്മാരെ മാററി തൽസ്ഥാനത്തു് കഴിവുള്ളവരെ വെക്കുകയും ചെയ്താൽ മാത്രമെ പ്രയോജനപ്രദവും ഫലപ്രദവുമായ വിപ്ലവപ്രവർത്തനമാകുകയുള്ളൂ”. കോപിക്കേണ്ട— ലെനിനാണ് പറഞ്ഞതു് (ലെനിൻ—ജനങ്ങൾക്കിടയിലെ പാർട്ടി പ്രവർത്തനം)

എം. എൽ. എ. മാരേ, നിങ്ങൾ ആരായാലും, ഏതു കക്ഷിക്കാരനായാലും, പരിവർത്തനവാദികളാകുവിൻ.

വി. രാമചന്ദ്രൻ.